ബോർഡിന്റെ ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ നഷ്ടം

18 [2635] ശ്രീ. എ. സുജനപാൽ:
,, വി. ജെ. പൗലോസ്:
,, എം. മുരളി:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ജോർജ്. ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ്, യൂണിറ്റൊന്നിന് എന്തു വിലയ്ക്കാണ് വൈദ്യുതി വാങ്ങുന്നത്;

(ബി) ഇത് വ്യവസായികൾക്കു നൽകുന്നത് എന്തു വിലയ്ക്കാണ്; ട്രാൻസ്മിഷൻ നഷ്ടം ഉൾപ്പെടെ ഒരു യൂണിറ്റ് വൈദ്യുതി വ്യവസായികൾക്കു നൽകുമ്പോൾ ബോർഡിന് എന്തു നഷ്ടം വരുമെന്ന് വ്യക്തമാക്കാമോ;

(സി) ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ നഷ്ടമുൾപ്പെടെ ബോർഡ് വിലയ്ക്കു വാങ്ങുന്ന വൈദ്യുതി ഗാർഹിക ഉപയോഗത്തിനു നൽകുമ്പോൾ യൂണിറ്റൊന്നിന് ബോർഡിന് എന്തു നഷ്ടം വരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ഓരോ നിലയം/സ്ഥാപനത്തിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് വൈദ്യുതി വാങ്ങുന്നത്. ഓരോ നിലയത്തിൽ/സ്ഥാപനത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് ഫിക്സഡ് ചാർജ്ജും, വേരിയബിൾ ചാർജ്ജും മറ്റിനങ്ങളും ഉൾപ്പെടെ ബോർഡ് കൊടുക്കുന്ന വില നിലയം/സ്ഥാപനം തിരിച്ച് ഇനി പറയുന്ന നിരക്കിലാണ്.

നിലയം/ സ്ഥാപനം		വില രൂപ/ യൂണിറ്റ്
1. എൻ. ടി. പി. സി., രാമഗുണ്ഡം	..	1.45
2. എൻ. ടി. പി. സി., കായംകുളം	..	4.49
3. എൻ. ടി. പി. സി. (ഈസ്റ്റേൺ റീജിയൺ)	..	2.13
4. താൾച്ചർ	..	1.49
5. നെയ്വേലി ലിഗ് നൈറ്റ് സ്റ്റേജ്-I	..	1.49

LIBRARY ARCHIVES Kerala Legislative Assembly

	നിലയം/ സ്ഥാപനം		വില രൂപ/ യൂണിറ്റ്
6.	നെയ്വേലി ലിഗ് നൈറ്റ് സ്റ്റേജ്-II	..	2.08
7.	നെയ്വേലി ലിഗ് നൈറ്റ് എക്സ്പാൻഷൻ	..	1.66
8.	മദ്രാസ് ആറ്റോമിക് പവർ സ്റ്റേഷൻ	..	2.25
9.	കൈഗ അറ്റോമിക് പവർ സ്റ്റേഷൻ	..	3.57
10.	അൺ ഷെഡ്യൂൾഡ് ഇന്റർ ചെയ്ഞ്ച്	..	2.06
11.	ബി. എസ്. ഇ. എസ്.	..	4.10
12.	കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്	..	4.16

(ബി) 2003-04 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താക്കളിലെത്തുമ്പോൾ പ്രസരണ വിതരണ ചെലവും നഷ്ടവും ഉൾപ്പെടെ ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി രൂപ 4.22 ചെലവ് ആകുന്നു. വൈദ്യുത ബോർഡ് ഒരു യൂണിറ്റ് വൈദ്യുതി ലോ ടെൻഷൻ വ്യവസായ ഉപഭോക്താവിന് നൽകുമ്പോൾ 4 രൂപ 7 പൈസയും എച്ച്. ടി./ഇ.എച്ച്.ടി വ്യവസായിക ഉപഭോക്താവിന് 3 രൂപ 91 പൈസയും ലഭിക്കുന്നു. അതായത് എൽ. ടി. വ്യവസായിക കൺസ്യൂമർക്ക് വിൽക്കുമ്പോൾ 15 പൈസയും എച്ച്. ടി. ഇ. എച്ച്. ടി. കൺസ്യൂമർക്ക് വിൽക്കുമ്പോൾ 31 പൈസയും ബോർഡിന് യൂണിറ്റൊന്നിന് നഷ്ടം സംഭവിക്കുന്നു.

(സി) ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ശരാശരി 1 രൂപ 76 പൈസയാണ് യൂണിറ്റൊന്നിന് ലഭിക്കുന്നത്. ഒരു യൂണിറ്റ് വൈദ്യുതി ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുമ്പോൾ ബോർഡിന് 2 രൂപ 46 പൈസയുടെ നഷ്ടമുണ്ടാകുന്നു.

ഇടുക്കി ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

19 [2636] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ ഇത് പരിഹരിക്കുന്നതിന് മേഖല തിരിച്ച് ഏതെല്ലാം വർക്കുകളാണ് കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly